Joseph Thekkedath
Puthenkudy

CHRISTIAN MUSICOLOGICAL SOCIETY OF INDIA




പള്ളികളിൽ അനുഷ്ഠിക്കേണ്ടതായ

# നമസ്കാരക്രമം

[അഞ്ചാം പതിപ്പ്]

Joseph Thekkedath
Puthenkudy

PRINTED AT THE ST. JOSEPH'S PRESS
MANNANAM,
1955.

christianmusicologicalsocietyofindia.com

**Re-imprimatur.**

† Mathew Kavukatt,

Bishop of Changanacherry.

*Changanacherry,*
*15 — 9 — '55.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

ദൈവകൃപയാലെയും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലെയും

**ചങ്ങനാശേരി മിസത്തിന്റെ വികാരി**

**അപ്പസ്തോലിക്കാ ആയ നാം**

**കണ്ടാളച്ചേരിൽ തോമ്മാ**

**പെല്ലാ എന്ന ദിക്കിന്റെ**

# മെത്രാൻ

---

നമ്മുടെ അജ്ഞയിൻകീഴിലുള്ള ബ. വികാരിമാക്കും അസിസ്റ്റേന്തിമാക്കും ഇടവക പട്ടക്കാക്കും വിശ്വാസികൾ എല്ലാവക്കും നമ്മുടെ കത്താവീശോമ്ശിഹായിൽ സമാധാനവും വാഴ്വും.

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ!

ദൈവാരാധന, ക്രമത്തോടെ കഴിക്കുന്നതു് എത്രയും സാരമേറിയ കാൎയ്യമായിരിക്കുന്നു. ഇതു് നമ്മുടെ ഹൃദയങ്ങളിൽ ദൈവഭക്തിയുണ്ടായി വളരുന്നതിനും, തൻമൂലം ദൈവസ്തുതി വൎദ്ധിക്കുന്നതിനും ഉപകരിക്കുന്ന ഒരു പ്രധാന മാൎഗ്ഗമായിരിക്കുന്നു. ഇതിനാൽ ദൈവാലയത്തേയും, ബലിപീഠങ്ങളേയും, കൎമ്മാനുഷ്ഠാനങ്ങളേയും സംബന്ധിച്ച് ദൈവംതന്നെ പഴയ നിയമത്തിൽ മൂശദീഘിദൎശിമൂലം ഏൎപ്പെടുത്തിയ അനേക നിബന്ധനകളെ നാം കാണുന്നു. ജനങ്ങളെ ആശീൎവ്വദിക്കയിൽ പട്ടക്കാരൻ ഏതു വാകൃങ്ങളെ പ്രയോഗിക്കണമെന്നുകൂടെയും ദൈവംതന്നെ നിശ്ചയിച്ചുകൊടുത്തതായി സംഖ്യാഗമം ആറാം അദ്ധ്യായം 22, 26 വാകൃങ്ങളിൽ നാം വായിക്കുന്നു. അപ്രകാരംതന്നെ നാം സത്യത്തിലും അരൂപിയിലും എങ്ങിനെ ദൈവത്തെ വണങ്ങി നമസ്കരിക്കണമെന്നു് മനുഷ്യാവതാരം ചെയ്ത ദൈവകുമാരൻ "ആകാശങ്ങളിൽ ഇരിക്കുന്ന" ജപം നമ്മെ പഠിപ്പിച്ചപ്പോൾ സൎവ്വലോകത്തിനും പരസ്യപ്പെടുത്തി.

എന്നാൽ ദൈവത്തിന്റെ സത്യസഭയായ വിശുദ്ധ കത്തോലിക്കാപ്പള്ളിയിൽ ദൈവാരാധനക്രമം സത്യമായും

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പള്ളികളിൽ അനുഷ്ഠിക്കേണ്ടതായ

# നമസ്കാരക്രമം.

---

## 1. അൻപത്തുമൂന്നുമണി ജപം.

അളവില്ലാത്ത സകലനന്മസ്വരൂപിയായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ! നീചരും നന്ദിഹീനരായ പാപികളുമായിരിക്കുന്ന അടിയങ്ങൾ, അറുതിയില്ലാത്ത മഹിമപ്രതാപവാനായ അങ്ങേ സന്നിധിയിൽനിന്ന് ജപം ചെയ്‌വാൻ അയോഗ്യരായിരിക്കുന്നു, എങ്കിലും അങ്ങേ അറുതിയില്ലാത്ത ദയയിന്മേൽ ശരണപ്പെട്ടുകൊണ്ട്, പരിശുദ്ധ ദൈവമാതാവിനു സ്തുതിയായിട്ട്, അമ്പത്തുമൂന്നുമണിജപം ചെയ്‌വാൻ ആശിക്കുന്നു; ഈ ജപം ഭക്തിപൂർവ്വം അന്യവിചാരം കൂടാതെ നിർവ്വഹിപ്പാൻ കർത്താവേ! സഹായം ചെയ്യണമേ!!

### വിശ്വാസപ്രമാണം.

ആകാശവും ഭൂമിയും അതിൽ ഉൾപ്പെട്ട സമസ്തവും സൃഷ്ടിച്ച് ഭരിച്ചുപോരുന്ന ബാവാതമ്പുരാനിൽ വിശ്വസിക്കുന്നേൻ, അങ്ങേ ഏക പുത്രൻ, നമ്മുടെ കർത്താവ് ഈശോമിശിഹായിലും വിശ്വസിക്കുന്നേൻ, ഈ പുത്രൻ ശുദ്ധ റൂഹാദക്കുദശായാൽ ജനിപ്പിക്കപ്പെട്ട് കന്യാസ്ത്രീമറിയത്തിൽനിന്നു പിറന്ന്, പന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ പീഡിപ്പിക്കപ്പെട്ട് കുരിശിന്മേൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്ത് ആകാശങ്ങളിൽ കരേറി, സർവ്വനിയാമകനായ ബാവാതമ്പുരാന്റെ വലത്തുഭാഗത്തു ഇരിക്കുന്നു, അവിടെനിന്ന് ശിഷ്ടരേയും ദുഷ്ടരേയും വിധിപ്പാൻ വരുമെന്നും വിശ്വസിക്കുന്നേൻ, ശുദ്ധ റൂഹാദക്കുദശായിലും വിശ്വസിക്കുന്നേൻ, ശുദ്ധ കത്തോലിക്കാപ്പള്ളിയും പുണ്യവാന്മാരുടെ ഐക്യവും, പാപങ്ങളുടെ പൊറുതിയും, മരിച്ചവരുടെ ഉയിർപ്പും നിത്യമായ ആയുസ്സും ഉണ്ടെന്നും വിശ്വസിക്കുന്നേൻ.

ആമ്മേനീശോ.

ആകാശങ്ങളിലിരിക്കുന്ന. . . ശേഷവും.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ബാവാതമ്പുരാന്റെ മകളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി, ഫലംചെയ്‌വാനായി, അങ്ങയുടെ തിരുക്കുമാരനോട് അപേക്ഷിക്കേണമെ. 1 നന്മ.

പുത്രൻതമ്പുരാന്റെ മാതാവായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുവാനായി, അങ്ങയുടെ തിരുക്കുമാരനോട് അപേക്ഷിക്കേണമെ. 1 നന്മ.

റൂഹാദക്കുദശാ തമ്പുരാന് അത്യന്തം പ്രിയമുള്ളവളായ പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വർദ്ധിപ്പാനായി, അങ്ങയുടെ തിരുക്കുമാരനോട് അപേക്ഷിക്കേണമെ. 1 നന്മ.

---

## സന്തോഷകരമായ ദൈവരഹസ്യങ്ങൾ.

തിങ്കൾ, വ്യാഴം എന്ന ആഴ്ചകളിലും ആഗമനകാലം അഥവാ ഇരുപത്തഞ്ചു നോമ്പുമുതൽ അമ്പതുനോമ്പുവരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ടവ.

1. പരിശുദ്ധ കന്യാസ്ത്രീമറിയമേ! ദൈവവചനം അങ്ങയുടെ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്നു ഗബ്രിയേൽ ദൈവദൂതൻ ദൈവകല്പനയാൽ അങ്ങയോടറിയിച്ചപ്പോൾ അങ്ങേക്കുണ്ടായ സന്തോഷത്തെക്കുറിച്ചു ധ്യാനിക്കുന്ന, അങ്ങേ മക്കളായ ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ എപ്പോഴും അങ്ങയുടെ മഹത്വത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിപ്പാൻ കൃപലഭിച്ചുതരേണമെ. 1 ആ. 10 ന. 1 ത്രി.

2. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ ഇളയമ്മയായ എലീശ്വാപുണ്യവതിയെ അങ്ങു ചെന്നു കണ്ടപ്പോൾ ആ പുണ്യവതിക്കു സർവ്വേശ്വരൻ ചെയ്ത കരുണയിൽ അങ്ങേക്കുണ്ടായ അത്യന്ത സന്തോഷമോർത്തു ധ്യാനിക്കുന്ന ഞങ്ങൾ ലൌകിക സന്തോഷങ്ങൾ ത്യജിച്ചു പരലോക സന്തോഷങ്ങൾ ആഗ്രഹിച്ചുതേടുവാൻ കൃപലഭിച്ചുതരേണമെ. 1 ആ. 10 ന. 1 ത്രി.

3. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ കന്യകാത്വത്തിനു അന്തരം വരാതെ ദൈവകുമാരനെ അങ്ങു പ്രസവിച്ചതി

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA

നാൽ ഉണ്ടായ സന്തോഷത്തെക്കുറിച്ചു ധ്യാനിക്കുന്ന ഞങ്ങ ളുടെ ഹൃദയങ്ങളിലും അവിടുന്നു ജ്ഞാനവിധമായി പിറപ്പാൻ കൃപലഭിച്ചുതരേണമെ. 1 ആ. 10 ന. 1 ത്രി.

4. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ ദിവ്യപുത്രനെ ദേവാലയത്തിൽ അങ്ങു കാഴ്ചവെച്ചപ്പോൾ മഹാത്മാക്കൾ തന്നെ സ്തുതിക്കുന്നതുകണ്ടു് അങ്ങേക്കുണ്ടായ സന്തോഷത്തെപ്പറ്റി ധ്യാനിക്കുന്ന ഞങ്ങൾ അങ്ങേക്കു യോഗ്യമായ ദേവാലയമായിരിപ്പാൻ കൃപലഭിച്ചുതരേണമെ. 1 ആ. 10 ന. 1 ത്രി.

5. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ തിരുക്കുമാരനായ ഈശോമ്ശിഹാ പന്ത്രണ്ടു വയസ്സിൽ കാണാതെ പോയപ്പോൾ അങ്ങു ദുഃഖത്തോടുകൂടി അന്വേഷിക്കുകയിൽ മൂന്നാം നാൾ ദൈവാലയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നതു കണ്ടപ്പോൾ അങ്ങേക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ തന്നെ ഒരിക്കലും പാപത്താൽ പരിത്യജിക്കാതിരിപ്പാനും പരിത്യജിച്ചുപോയാൽ ഉടനെ മനസ്തപിച്ചു് അങ്ങയേ പ്രാപിക്കുവാനും കൃപലഭിച്ചുതരേണമെ. 1 ആ. 10 ന. 1 ത്രി.

---

## ദുഃഖകരമായ ദൈവരഹസ്യങ്ങൾ.

ചൊവ്വാ, വെള്ളി എന്ന ആഴ്ചകളിലും അമ്പതുനോമ്പിന്റെ
ഞായറാഴ്ചകളിലും ചൊല്ലേണ്ടവ.

1. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ തിരുക്കുമാരൻ പൂങ്കാവനത്തിൽ നമസ്ക്കരിച്ചിരിക്കുമ്പോൾ രക്തം വിയർത്തു എന്നതിനെക്കുറിച്ചു് ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിന്മേൽ മനസ്തപിച്ചു പാപശാന്തി ലഭിപ്പാൻ അനുഗ്രഹിക്കേണമെ. 1 ആ. 10 ന. 1 ത്രി.

2. പരിശുദ്ധ ദൈവമാതാവേ! അങ്ങയുടെ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ടു് ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നതു് ധ്യാനിക്കുന്ന ഞങ്ങൾ, ഞങ്ങളുടെ പാപങ്ങളാൽ വന്നുകൂടുന്ന കഠിനശിക്ഷകളിൽനിന്നു അനുതാപപൂർവ്വം നല്ല വ്യാപാരത്താൽ ഒഴിഞ്ഞുമാറുവാൻ കൃപ ലഭിച്ചുതരേണമെ.
1 ആ. 10 ന. 1 ത്രി.

christianmusicologicalsocietyofindia.com